സ.ഉ.(കൈ) നം.10/2022/CLAD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സാഹിത്യ അക്കാദമി സെക്രട്ടറി പ്രൊഫ. സി. പി. അബൂബക്കർക്ക് പ്രായപരിധി സംബന്ധിച്ച നിലവിലുള്ള നിബന്ധനകളിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(കൈ) നം.10/2022/CLAD    തീയതി,തിരുവനന്തപുരം, 04-06-2022

---

പരാമർശം:- 1. സ.ഉ (സാധാ) നം 105/2022/സാം.കാ.വ തീയതി 26.02.2022

2. സ. ഉ (കൈ) 7/2022/സാ.കാ.വ തീയതി 24.05.2022

**ഉത്തരവ്**

സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയായി പ്രൊഫ. സി. പി. അബൂബക്കറെ പരാമർശം 1 പ്രകാരം നിയമിച്ചിരുന്നു. പരാമർശം 2 പ്രകാരം സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സെക്രട്ടറി എന്നിവരുടെ പ്രായപരിധി 70 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

2. നിർദ്ദിഷ്ട പ്രായപരിധി അധികരിച്ച പ്രൊഫ. അബൂബക്കർക്ക് കേരള സാഹിത്യ അക്കാദമിയുടെ സെക്രട്ടറി സ്ഥാനത്ത് തുടരുന്നതിന് ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം 2-ലെ നിബന്ധനകളിൽനിന്നും ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം 744 ; തീയതി 2 -6 -2022)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-06-2022

ഫയൽ നം. എ1/36/2022/സാം.കാ.വ. ഇനം നം: 774

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - കേരള സാഹിത്യ അക്കാദമി സെക്രട്ടറി പ്രൊഫ. സി. പി. അബൂബക്കർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

774

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | എ 1/36/2022/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സാഹിത്യ അക്കാദമി സെക്രട്ടറി പ്രൊഫ. സി. പി അബൂബക്കർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18.05.2022 |
| (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഇല്ല |
| (ii) | ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ബാധകമല്ല |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ജനാർദ്ദനൻ കെ. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. ശ്രീനിവാസ് കെ. എസ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.05.2022 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. പി ജോയ് |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.05.2022 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. സജി ചെറിയാൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.05.2022 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.05.2022 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാഹിത്യ അക്കാദമിയുടെ സെക്രട്ടറി തസ്തികയിൽ, സ.ഉ (സാധാ) നം 105/2022/സാം.കാ.വ തീയതി 26.02.2022 ഉത്തരവ് പ്രകാരം നിയമിതനായ പ്രൊഫ. സി. പി. അബൂബക്കർക്ക് പ്രായപരിധി സംബന്ധിച്ച നിബന്ധനകളിൽ ഇളവ് നൽകുന്ന വിഷയം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ സ.ഉ (കൈ) 31/2021/പ്ലാനിംഗ് തീയതി 06.11.2021 ഉത്തരവിന് അനുസൃതമായി, സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സെക്രട്ടറി എന്നിവരുടെ പ്രായപരിധി, 06.01.2022 ലെ സ.ഉ (കൈ) നം. 1/2022/സാം.കാ.വ പ്രകാരം ഉത്തരവ് തീയതി മുതൽ 65 വയസ്സായി നിജപ്പെടുത്തിയിരുന്നു.

3) സ.ഉ (കൈ) 07/2022/P&EA തീയതി 18.03.2022 ഉത്തരവ് പ്രകാരം 06.01.2022 ലെ ഉത്തരവ് ഭേദഗതി ചെയ്ത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റ് സ്വയം ഭരണ/ സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവയിലെ മാനേജിംഗ് ഡയറക്ടർ/സെക്രട്ടറി/ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 70 വയസ്സായി ഉയർത്തിയിട്ടുണ്ട്. ആയതിന് അനുസൃതമായി 24.05.2022 -ലെ സ. ഉ (കൈ) 7/2022/സാ.കാ.വ പ്രകാരം സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സെക്രട്ടറി എന്നിവരുടെ പ്രായപരിധി, 70 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

4) 1945 ൽ ജനിച്ച പ്രൊഫ. സി. പി അബൂബക്കറിന് നിലവിൽ 77 വയസ്സായിട്ടുണ്ട്. ഉയർന്ന പ്രായപരിധി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, നിർദിഷ്ട പ്രായപരിധി കഴിഞ്ഞ പ്രൊഫ. അബൂബക്കർക്ക് ടി സ്ഥാനത്ത് തുടരുന്നതിന് ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവനുവദിക്കേണ്ടതുണ്ട്.

5) അദ്ദേഹത്തിന്റെ നിയമനം ഒരു പ്രത്യേക കേസായി പരിഗണിച്ച് പ്രായപരിധിയിൽ ഇളവ് നൽകുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ഒരു പ്രത്യേക കേസായി പരിഗണിച്ച് കേരള സാഹിത്യ അക്കാദമിയുടെ സെക്രട്ടറി തസ്തികയിൽ നിയമിതനായ പ്രൊഫ. സി. പി. അബൂബക്കർക്ക്, പ്രായപരിധി സംബന്ധിച്ച നിലവിലുള്ള നിബന്ധനകളിൽ ഇളവ് നൽകാമോ?